# വാകത്താനം ഗ്രാമ പഞ്ചായത്ത് കാര്യാലയം

## വാകത്താനം പി.ഒ,കോട്ടയം 686538

**ഫോൺ: 0481 2462243** **e-mail: vakathanamgp@gmail.com**

നം. എസ് സി1-100/2026 തീയതി: 01.09.2026

## ടെണ്ടർ നോട്ടീസ്

വാകത്താനം ഗ്രാമപഞ്ചായത്തിലെ 2026-27 വാർഷിക പദ്ധതിയിലുൾപ്പെട്ട സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി അംഗീകൃത സ്ഥാപനം/ഏജൻസി/ കരാറുകാരിൽ നിന്നും സീല് വച്ച കവറിൽ മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. ടെണ്ടർ ഫോറങ്ങൾ 22.09.2026 തീയതി 1.00 പി എം വരെ പഞ്ചായത്ത് ഓഫീസിൽ നിന്നും വിതരണം നടത്തുന്നതാണ്. ടെണ്ടറുകൾ 22.09.2026 തീയതി 3.00 പി എം വരെ സ്വീകരിക്കുന്നതായിരിക്കും. ലഭിച്ച ടെണ്ടറുകൾ 22.09.2026 തീയതി 4.00 പി എം ന് സന്നിഹിതരായിരിക്കുന്നവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്. ടി ദിവസം ഏതെങ്കിലും കാരണവശാല് അവധിയായാൽ ടി സമയ ക്രമത്തിൽത്തന്നെ തൊട്ടടുത്ത പ്രവൃത്തി ദിവസം ടെണ്ടര് നടപടികൾ പൂർത്തിയാക്കുന്നതാണ്. ടെണ്ടറിനൊപ്പം നിരതദ്രവ്യം അടച്ച രസീതും 200 രൂപയുടെ മുദ്രപ്പത്രത്തിൽ പ്രാഥമിക എഗ്രിമെന്റ് പകർപ്പും ഉള്ളടക്കം ചെയ്യേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച നിലവിലുള്ള എല്ലാ സർക്കാർ ഉത്തരവുകളും ഈ ടെണ്ടറിനും ബാധകമാണ്.

| ക്രമ നം | പ്രോ ജക്ട് നം | പ്രോജക്ടിന്റെ പേര് | ആകെ അടങ്കൽ | നിരതദ്രവ്യം | ഫോറവില |
|---|---|---|---|---|---|
| 1 | 4 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ഉപകരണം വാങ്ങൽ | 450000 | 4500 | 200+GST 18% |
| 2 | 5 | തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണി-ലേബർ ചാർജ്ജ് | 400000 | 4000 | 200+GST 18% |

1. ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്ത് മുദ്രവച്ച കവറിൽ സമർപ്പിക്കണം.

2. ദർഘാസുകൾ തപാലിൽ രജിസ്റ്റര് ചെയ്ത് അയക്കുകയോ സ്പീഡ് പോസ്റ്റിൽ അയക്കുകയോ ചെയ്യാവുന്നതാണ്. തപാലിൽ ഉണ്ടാകുന്ന കാലതാമസത്തിന് ടെണ്ടർ സ്വീകരിക്കുന്ന ആൾ ഉത്തരവാദിയല്ല.

3. യാതൊരു കാരണവും കാണിക്കാതെ ദർഘാസുകൾ നിരസിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

4. ടെണ്ടറിനൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ എഴുതി ഒപ്പിട്ട പ്രാഥമിക കരാർ ഉടമ്പടി, നിരതദ്രവ്യം അടച്ച രസീത്/ ദേശസാൽകൃത ബാങ്കിൽ സ്ഥിര നിക്ഷേപം സെക്രട്ടറിയുടെ പേരിൽ പണയപ്പെടുത്തിയത് എന്നിവയിലൊന്ന് ഹാജരാക്കണം.

5. കേരള സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.09.2012 ലെ 3055/ഡിഎ3/തസ്വഭവ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരമാണ് പ്രവൃത്തികൾ നടപ്പിലാക്കേണ്ടത്.

6. അപൂർണ്ണമായതോ നിരക്കുകൾ വ്യക്തമായി രേഖപ്പെടുത്താത്തതോ ആയ ദർഘാസുകൾ നിരസിക്കുന്നതാണ്.

7. ടെണ്ടർ സംബന്ധിച്ച വിശദ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ പഞ്ചായത്ത് ഓഫീസിൽ നിന്നും www.tender.lsgkerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

## വിശദവിവരങ്ങൾ

**പ്രോജക്ട് നം 4 തെരുവു വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് ഉപകരണം വാങ്ങൽ**

12 വാട്ട്സ് എൽ ഇ ഡി ബൾബ് (മിനിമം 18 മാസം ഗ്യാരണ്ടി ഉള്ളവയാകണം, ഗ്യാരന്റി സംബന്ധിച്ച വിവരങ്ങൾ ടെണ്ടറിൽ വ്യക്തമായി രേഖപ്പെടുത്തണം, ഐ എസ് ഐ മുദ്രയില്ലാത്ത ബൾബുകൾ സർക്കാർ/എയ്ഡഡ് എൻജിനീയറിങ് കോളജുകൾ സാക്ഷ്യപ്പെടുത്തണം. സാക്ഷ്യപത്രം വാങ്ങേണ്ട ഉത്തരവാദിത്തം സപ്ലയർക്കാണ്)

18 വാട്ട്സ് എൽ ഇ ഡി ബൾബ് (മിനിമം 18 മാസം ഗ്യാരണ്ടി ഉള്ളവയാകണം, ഗ്യാരന്റി സംബന്ധിച്ച വിവരങ്ങൾ ടെണ്ടറിൽ വ്യക്തമായി രേഖപ്പെടുത്തണം, ഐ എസ് ഐ മുദ്രയില്ലാത്ത ബൾബുകൾ സർക്കാർ/എയ്ഡഡ് എൻജിനീയറിങ് കോളജുകൾ സാക്ഷ്യപ്പെടുത്തണം. സാക്ഷ്യപത്രം വാങ്ങേണ്ട ഉത്തരവാദിത്തം സപ്ലയർക്കാണ്)

പെൻഡന്റ് ഹോൾഡർ ഐ എസ് ഐ മുദ്ര ഉള്ളത് (ഒരെണ്ണത്തിന്റെ വില കാട്ട് ചെയ്യണം)

ഷെയ്ഡ് അക്രിലിക്ക് ഫൈൻ ക്വാളിറ്റി (ഒരെണ്ണത്തിന്റെ വില കാട്ട് ചെയ്യണം)

1.5 എം എം സിംഗിൾ കോർ അലൂമിനിയം വയർ (ഐ എസ് ഐ മുദ്രയുള്ള 100 മീ. വയറിന്റെ റേറ്റാണ് കാട്ട് ചെയ്യേണ്ടത് )

ഇൻസുലേഷൻ ടേപ്പ് ഐ എസ് ഐ മുദ്രയുള്ളത് (ഒരെണ്ണത്തിന്റെ വില കാട്ട് ചെയ്യണം)

**പ്രോജക്ട് നം 5 തെരുവുവിളക്ക് അറ്റകുറ്റപ്പണിക്ക് ലേബർ ചാർജ്**

ഒരു പോസ്റ്റിൽ കയറി തെരുവ് വിളക്ക് റിപ്പയർ ചെയ്യുന്നതിനുള്ള നിരക്കാണ് കാട്ട് ചെയ്യേണ്ടത്. പുതിയ വിളക്ക് സ്ഥാപിക്കുന്നതിന് ഇതേ നിരക്ക് തന്നെ ബാധകമായിരിക്കുന്നതാണ്

സെക്രട്ടറി

സെക്രട്ടറി

വാകത്താനം ഗ്രാമപഞ്ചായത്ത്

PH: 0481 - 2462243

OFFICE OF THE VAKATHANAM GRAMA PANCHAYATH